

എടത്തല അൽഅമീൻ കോളജിൽ ഫോക്‌ലോർ ദിനാചരണത്തിന്റെ ഭാഗമായി നടത്തിയ നാടൻ കലാരൂപങ്ങളുടെ അവതരണം.

# കലാരൂപങ്ങൾ അരങ്ങു തകർത്ത് ഫോക്‌ലോർ ദിനാചരണം

എടത്തല ● അൽഅമീൻ കോളജ് ഫോക്‌ലോർ വിഭാഗവും എംജി സർവകലാശാല സ്റ്റുഡന്റ്സ് സർവീസസും ചേർന്നു സംഘടിപ്പിച്ച ഫോക്‌ലോർ ദിനാചരണം സംസ്കൃത സർവകലാശാല വൈസ് ചാൻസലർ ഡോ. ധർമരാജ് അടാട്ട് ഉദ്ഘാടനം ചെയ്തു.

പ്രിൻസിപ്പൽ പ്രഫ. എം.ബി. ശശിധരൻ അധ്യക്ഷത വഹിച്ചു. പ്രഫ. സി.വി. സാബുജി, ഡോ. സിനി കുര്യൻ, പ്രഫ. എം.എച്ച്. ഷാനിബ, പ്രഫ. എൻ. കല, പ്രഫ. പി. ശാലിനി, പ്രഫ. സിനുലാൽ, യൂണിയൻ ചെയർമാൻ ജോയൽ, കോ ഓർഡിനേറ്റർ ആനന്ദ് മുരളീധരൻ എന്നിവർ പ്രസംഗിച്ചു.



എടത്തല അൽഅമീൻ കോളജിൽ നടന്ന ഫോക്‌ലോർ ദിനാചരണം സംസ്കൃത സർവകലാശാല വൈസ് ചാൻസലർ ഡോ. ധർമരാജ് അടാട്ട് ഉദ്ഘാടനം ചെയ്യുന്നു.

ശ്രീജിത് മേലൂരിന്റെ തെയ്യം ചിത്രപ്രദർശനം, അറബനമുട്ട്, പുള്ളുവൻപാട്ട്, നാടൻപാട്ട് അവതരണം, മുടിയാട്ടം എന്നിവയും നടത്തി.

Scanned by CamScanner